# സുസ്ഥിരവികസന ലക്ഷ്യങ്ങൾ

**ലക്ഷ്യം 1.** എല്ലായിടത്തും എല്ലാ രൂപത്തിലുമുള്ള ദാരിദ്ര്യം അവസാനിപ്പിക്കുക.

**ലക്ഷ്യം 2.** വിശപ്പിന് അറുതി വരുത്തുക. ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട പോഷണവും നേടുക. സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കുക.

**ലക്ഷ്യം 3.** ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുകയും എല്ലാ പ്രായത്തിലുമുള്ളവർക്കു സ്വാസ്ഥ്യം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**ലക്ഷ്യം 4.** എല്ലാവരെയും ഉൾക്കൊള്ളുന്നതും സമത്വാധിഷ്ഠിതവുമായ മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുക. എല്ലാവർക്കും, ഏതു പ്രായത്തിലും പഠനാവസരങ്ങൾ ലഭ്യമാക്കുക.

**ലക്ഷ്യം 5.** ലിംഗസമത്വം സാധിക്കുക. സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുക.

**ലക്ഷ്യം 6.** എല്ലാവർക്കും വെള്ളവും ശുചിത്വവും ലഭ്യമാണെന്നും വെള്ളത്തിന്റെ സുസ്ഥിര മാനേജ്മെന്റ് സാധിക്കുന്നുവെന്നും ഉറപ്പുവരുത്തുക..

**ലക്ഷ്യം 7.** വിശ്വാസ്യവും സുസ്ഥിരവും താങ്ങാവുന്ന ചെലവിലുള്ളതുമായ ആധുനിക ഊർജം എല്ലാവർക്കും ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.

**ലക്ഷ്യം 8.** സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും തുടർന്നുകൊണ്ടുപോകുന്നതുമായ സാമ്പത്തികവളർച്ചയും എല്ലാവർക്കും ആദായകരവും അന്തസുറ്റതുമായ തൊഴിലും ഉറപ്പുവരുത്തുക.

**ലക്ഷ്യം 9.** കാര്യക്ഷമമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക. എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിര വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക. പുതുമയെ പരിപോഷിപ്പിക്കുക.

**ലക്ഷ്യം 10.** രാജ്യത്തിനുള്ളിലും രാജ്യങ്ങൾക്കിടയിലും അസമത്വം കുറയ്ക്കുക.

**ലക്ഷ്യം 11.** നഗരങ്ങളെയും മനുഷ്യവാസകേന്ദ്രങ്ങളെയും സുരക്ഷിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും കാര്യക്ഷമവും സുസ്ഥിരവുമാക്കുക.

**ലക്ഷ്യം 12.** സുസ്ഥിരമായ ഉത്പാദന-ഉപഭോഗ ക്രമങ്ങൾ ഉറപ്പുവരുത്തുക.

**ലക്ഷ്യം 13.** കാലാവസ്ഥാമാറ്റവും അതിന്റെ പ്രത്യാഘാതങ്ങളും നേരിടാൻ അടിയന്തര നടപടികൾ എടുക്കുക.

**ലക്ഷ്യം 14.** സുസ്ഥിരവികസനത്തിനുവേണ്ടി മഹാസമുദ്രങ്ങളെയും കടലുകളെയും സമുദ്രോത്പന്നങ്ങളെയും പരിപാലിക്കുകയും സുസ്ഥിരമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യുക.

**ലക്ഷ്യം 15.** ഭൗമിക ആവാസവ്യവസ്ഥയുടെ സുസ്ഥിര ഉപയോഗത്തെ സംരക്ഷിക്കുകയും വീണ്ടെടുക്കുകയും പരിപാലിക്കുകയും ചെയ്യുക. വനങ്ങളെ സുസ്ഥിരമായി പരിപാലിക്കുക. മരുഭൂവൽക്കരണത്തെ ചെറുക്കുക. ഭൂമിയെ ഗുണപരമായി

തകർക്കുന്നത് അവസാനിപ്പിക്കുകയും ഗുണനിലവാരം വീണ്ടെടുക്കുകയും ചെയ്യുക. ജൈവവൈവിധ്യനഷ്ടം ഒഴിവാക്കുക.

**ലക്ഷ്യം 16.** സമാധാനത്തിൽ കഴിയുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങളെ പ്രോത്സാഹിപ്പിച്ച് സുസ്ഥിരവികസനം ഉറപ്പാക്കുക. എല്ലാവർക്കും നീതി ലഭ്യമാക്കുക. എല്ലാ തലങ്ങളിലും ഫലപ്രദവും ഉത്തരവാദപൂർണവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സ്ഥാപനങ്ങൾക്കു രൂപംനൽകുക.

**ലക്ഷ്യം 17**. സുസ്ഥിരവികസനത്തിനായുള്ള ആഗോളപങ്കാളിത്തത്തെ പുനരുജ്ജീവിപ്പിക്കുകയും അതിന്റെ നടത്തിപ്പ് ശക്തിപ്പെടുത്തുകയും ചെയ്യുക.

# ലക്ഷ്യം 1

## എല്ലായിടത്തും എല്ലാ രീതിയിലുമുള്ള ദാരിദ്ര്യം അവസാനിപ്പിക്കുക

1.1 ദിവസം 1.25 ഡോളറിൽ താഴെ മാത്രം ചെലവാക്കാൻ പറ്റുന്നവരുടെ തീവ്രദാരിദ്ര്യം എല്ലായിടത്തും 2030-ഓടെ അവസാനിപ്പിക്കുക.

1.2 ഓരോ രാജ്യത്തെയും നിർവചനനുസരിച്ചു വിവിധ മാനങ്ങളിലുള്ള ദാരിദ്ര്യത്തിൽ കഴിയേണ്ടിവരുന്ന സ്ത്രീപുരുഷന്മാരും കുട്ടികളുമടക്കം എല്ലാ പ്രായത്തിലുള്ളവരുടെയും സംഖ്യ 2030-ഓടെ പകുതിയെങ്കിലുമാക്കുക.

1.3 ഓരോ രാജ്യത്തിനും ഉചിതമായ സാമൂഹ്യസുരക്ഷാ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് എല്ലാവർക്കും സംരക്ഷണം നൽകുക. 2030-ഓടെ ഗണ്യമായ സംഖ്യ ദരിദ്രരും ദുർബലവിഭാഗങ്ങളും ഇപ്രകാരം സംരക്ഷിക്കപ്പെടണം.

1.4 ദരിദ്രരും ദുർബലവിഭാഗങ്ങളിൽ പെട്ടവരുമടക്കം എല്ലാ സ്ത്രീപുരുഷന്മാർക്കും 2030-ഓടെ സാമ്പത്തിക വിഭവങ്ങളിൽ തുല്യ പങ്കുണ്ടെന്നും അടിസ്ഥാനസേവനങ്ങൾ, ഭൂമിയും അതുപോലുള്ള സ്വത്തുക്കൾ, പിന്തുടർച്ചാവകാശം, പ്രകൃതിവിഭവങ്ങൾ, പുതിയ സാങ്കേതികവിദ്യ, മൈക്രോഫിനാൻസ് അടക്കം ധനകാര്യ സേവനങ്ങൾ എന്നിവ ലഭ്യമാണെന്നും ഉറപ്പുവരുത്തുക.

1.5 2030-ഓടെ ദരിദ്രരുടെയും ദുർബലവിഭാഗങ്ങളുടെയും പ്രതിരോധശേഷി വർധിപ്പിക്കുകയും കാലാവസ്ഥാമാറ്റം മൂലമുള്ള തീവ്രകാലാവസ്ഥാ പ്രതിഭാസങ്ങളുടെയും അതുപോലുള്ള സാമ്പത്തിക, സാമൂഹ്യ, പാരിസ്ഥിതിക ഷോക്കുകളുടെയും ദുരന്തങ്ങളുടെയും ആഘാതം കുറച്ചു കൊടുക്കു

കയും ചെയ്യുക.

1.എ. ദാരിദ്ര്യം എല്ലാ രൂപങ്ങളിലും അവസാനിപ്പിക്കുന്നതിനുള്ള പരിപാടികളും നയങ്ങളും നടപ്പാക്കുന്നതിനു, തീരെ വികസിക്കാത്ത രാജ്യങ്ങളടക്കം വികസ്വരരാജ്യങ്ങൾക്ക് മതിയായതും പ്രതീക്ഷിക്കാവുന്നതുമായ വിഭവങ്ങൾ വർധിച്ച സാമ്പത്തിക സഹകരണമടക്കമുള്ള വിവിധ വഴികളിലൂടെ ഗണ്യമായി സമാഹരിക്കാനാകുമെന്ന് ഉറപ്പുവരുത്തുക.

1.ബി. ദാരിദ്ര്യനിർമാർജന പരിപാടികളിൽ ത്വരിതനിക്ഷേപത്തിന്, ദരിദ്രരുടെ പക്ഷം ചേർന്നുള്ളതും ലിംഗഭേദം കണക്കിലെടുത്തുള്ളതുമായ വികസനതന്ത്രങ്ങൾ നടപ്പാക്കാൻ തക്ക നയരൂപരേഖങ്ങൾ ദേശീയ-മേഖലാ-അന്താരാഷ്ട്ര തലങ്ങളിൽ ഉണ്ടാക്കുക.

# ലക്ഷ്യം 2

## വിശപ്പിന് അറുതിവരുത്തുക. ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട പോഷണവും നേടുക. സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കുക.

2.1 2030-ഓടെ വിശപ്പിന് അറുതിവരുത്തുകയും ദരിദ്രരും ശിശുക്കളുമടക്കം ദുർബല സാഹചര്യങ്ങളിലുള്ള എല്ലാവർക്കും സുരക്ഷിതവും പോഷകസമൃദ്ധവും ആയ ഭക്ഷണം മതിയായ അളവിൽ വർഷം മുഴുവൻ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

2.2 2030-ഓടെ എല്ലാ രൂപത്തിലുമുള്ള പോഷകാഹാരക്കുറവ് അവസാനിപ്പിക്കണം. ഇതിനായി അഞ്ചു വയസിൽ താഴെയുള്ള കുട്ടികളിലെ വളർച്ചാമുരടിപ്പ് സംബന്ധിച്ചു രാജ്യാന്തരമായി അംഗീകരിച്ച ലക്ഷ്യങ്ങൾ 2025-ഓടെ നേടുകയും കൗമാരപ്രായക്കാരായ പെൺകുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും പോഷകാവശ്യങ്ങൾ നിറവേറ്റുകയും വേണം.

2.3 ഭൂമി, മറ്റ് ഉത്പാദനോപാധികൾ, വിഭവങ്ങൾ, അറിവ്, ധനകാര്യ സേവനം, കമ്പോളങ്ങൾ, മൂല്യവർധന സാധ്യതകൾ, കാർഷികേതര തൊഴിലവസരം എന്നിവ ഭദ്രവും സമത്വാധിഷ്ഠിതവുമായ രീതിയിൽ സ്ത്രീകൾ, തദ്ദേശീയ ജനങ്ങൾ, കർഷക കുടുംബങ്ങൾ, ഇടയസമൂഹങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരടക്കം ചെറുകിട ഭക്ഷ്യോത്പാദകർക്കു ലഭ്യമാക്കിക്കൊണ്ട് 2025-ഓടെ കാർഷികോത്പാദനവും വരുമാനവും ഇരട്ടിപ്പിക്കണം.

2.4 ഭൂമിയുടെയും മണ്ണിന്റെയും ഗുണനിലവാരം ക്രമമായി വർധിപ്പിക്കുകയും കാ

ലാവസ്ഥാ മാറ്റം, തീവ്രകാലാവസ്ഥാപ്രതിഭാസങ്ങൾ, വരൾച്ച, പ്രളയം, മറ്റു പ്രകൃതിദുരന്തങ്ങൾ എന്നിവയോടു പൊരുത്തപ്പെട്ടുപോകാനുള്ള ശേഷി വർധിപ്പിക്കുന്നതും പരിസ്ഥിതി പരിപാലിക്കുന്നതും ഉത്പാദനവും ഉത്പാദനക്ഷമതയും കൂട്ടുന്നതുമായ വഴക്കമുള്ള കൃഷിരീതികൾ നടപ്പാക്കുകയും സുസ്ഥിരമായ ഭക്ഷ്യോത്പാദന സംവിധാനം 2030-ഓടെ ഉറപ്പുവരുത്തുകയും ചെയ്യുക.

2.5 ദേശീയ-മേഖല-അന്താരാഷ്ട്ര തലങ്ങളിൽ വൈവിധ്യവൽക്കരിച്ച വിത്ത്-സസ്യ ബാങ്കുകൾ രൂപീകരിച്ചും നിയന്ത്രിച്ചും വിത്തുകൾ കൃഷിചെയ്യുന്ന സസ്യങ്ങൾ, വാണിജ്യ-കാർഷികാവശ്യങ്ങൾക്കു വളർത്തുന്ന ജീവികൾ, ഗാർഹിക മൃഗങ്ങൾ, അവയുമായി ബന്ധമുള്ള വന്യമൃഗങ്ങൾ തുടങ്ങിയവയുടെ ജനിതക വൈവിധ്യം നിലനിർത്തുന്നുവെന്നു 2020-ഓടെ ഉറപ്പാക്കുക. ജനിതകവിഭവങ്ങളും അനുബന്ധ പരമ്പരാഗത വിജ്ഞാനവും ഉപയോഗിക്കുന്നതു മൂലമുള്ള നേട്ടങ്ങൾ നീതിപൂർവവും സമത്വാധിഷ്ഠിതവുമായി പങ്കുവയ്ക്കുകയും അവ എല്ലാവർക്കും ലഭ്യമാക്കുന്നതു പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

2 എ. തീരെ വികസിക്കാത്തവയടക്കം വികസ്വരരാജ്യങ്ങളിൽ കാർഷിക ഉത്പാദനശേഷി വർധിപ്പിക്കാൻ ഗ്രാമീണ അടിസ്ഥാനമേഖല, കാർഷിക ഗവേഷണം, വിജ്ഞാനവ്യാപന സേവനങ്ങൾ, സാങ്കേതികവിദ്യാ വികസനം, സസ്യ-മൃഗ ജീൻ ബാങ്ക് എന്നിവയിൽ വർധിച്ച അന്താരാഷ്ട്ര സഹകരണത്തോടുകൂടി മൂലധന നിക്ഷേപം വർധിപ്പിക്കുക.

2 ബി. ദോഹവട്ട വികസന ചർച്ചകളിലെ ധാരണ പ്രകാരം എല്ലായിനം കാർഷിക കയറ്റുമതി സബ്സിഡികളും സമാനമായ കയറ്റുമതിസഹായങ്ങളും ഒപ്പം അവതരിപ്പിച്ചുകൊണ്ട് ലോകവാണിജ്യത്തിലും ലോക കാർഷിക കമ്പോളത്തിലുമുള്ള വ്യതിയാനങ്ങൾ തിരുത്തുകയും തടയുകയും ചെയ്യുക.

2 സി. ഭക്ഷ്യവിലയിലെ വലിയ ചാഞ്ചാട്ടം കുറയ്ക്കുന്നതിനുവേണ്ടി ഭക്ഷ്യശേഖരമടക്കമുള്ള വിപണി വിവരങ്ങൾ യഥാസമയം ലഭ്യമാക്കുകയും ഭക്ഷ്യോത്പന്ന വിപണിയുടെയും സെറിവേറ്റീവ് വിപണിയുടെയും പ്രവർത്തനങ്ങൾ ക്രമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി എടുക്കുക.

# ലക്ഷ്യം 3

## ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുകയും എല്ലാ പ്രായത്തിലുമുള്ളവർക്കു സ്വാസ്ഥ്യം

പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

**3.1.** 2030-ഓടെ ആഗോള മാതൃമരണനിരക്ക് ഒരു ലക്ഷം പ്രസവങ്ങൾക്ക് 70-ലും താഴെയാക്കുക.

**3.2.** 2030-ഓടെ നവജാതശിശുക്കളുടെയും അഞ്ചു വയസിൽ താഴെയുള്ള കുട്ടികളുടെയും ഒഴിവാക്കാവുന്ന മരണങ്ങൾ അവസാനിപ്പിക്കുക. ഇതിനായി എല്ലാ രാജ്യങ്ങളും നവജാതശിശുമരണനിരക്ക് ആയിരം ജനനത്തിന് 12-ലേക്കും അഞ്ചു വയസിൽ താഴെയുള്ളവരുടെ മരണം ആയിരം ജനനത്തിന് 25-ലേക്കും താഴ്ത്താൻ ലക്ഷ്യമിടണം.

**3.3.** എയിഡ്സ്, ക്ഷയം, മലേറിയ, അവഗണിക്കപ്പെട്ട ഉഷ്ണമേഖലാ രോഗങ്ങൾ എന്നീ പകർച്ചവ്യാധികൾ 2030-ഓടെ ഇല്ലാതാക്കുക. ഹെപ്പാറ്റിറ്റിസ്, ജലജന്യ രോഗങ്ങൾ, മറ്റു പകരുന്ന രോഗങ്ങൾ എന്നിവയെ ചെറുക്കുക.

**3.4.** പകരുന്നവയല്ലാത്ത രോഗങ്ങൾ വഴി പ്രായപൂർത്തിയെത്തും മുൻപുള്ള മരണം പ്രതിരോധ നടപടികളും ചികിത്സയും വഴി 2030-ഓടെ മൂന്നിലൊന്നു കുറയ്ക്കുക. മാനസികാരോഗ്യവും സ്വാസ്ഥ്യജീവിതവും പ്രോത്സാഹിപ്പിക്കുക.

**3.5.** മയക്കുമരുന്നുകളുടെ ദുരുപയോഗം, ഹാനികരമായ മദ്യ ഉപയോഗം തുടങ്ങിയവ വഴി ശരീരത്തിനു ദോഷം വരുത്തുന്നതു തടയുകയും ചികിത്സിക്കുകയും ചെയ്യുന്നതു ശക്തിപ്പെടുത്തുക.

**3.6.** റോഡപകടങ്ങൾ വഴിയുള്ള മരണവും പരിക്കും ആഗോളതലത്തിൽ 202-ഓടെ പകുതിയാക്കുക.

**3.7.** കുടുംബാസൂത്രണം സംബന്ധിച്ച അറിവും വിദ്യാഭ്യാസവും നൽകുന്നതടക്കമുള്ള ലൈംഗികവും പ്രത്യുത്പാദനപരവുമായ ആരോഗ്യശുശ്രൂഷ എല്ലാവർക്കും ലഭ്യമാണെന്ന് 2030-ഓടെ ഉറപ്പുവരുത്തുക. പ്രത്യുൽപാദനപരമായ ആരോഗ്യപാലനം ദേശീയ പരിപാടികളുടെയും ലക്ഷ്യങ്ങളുടെയും ഭാഗമാക്കുക.

**3.8.** ഇൻഷ്വറൻസ് അടക്കം സാർവത്രിക ആരോഗ്യ പരിരക്ഷ, നിലവാരമുള്ള ആരോഗ്യപാലന സേവനത്തിന്റെ ലഭ്യത, സുരക്ഷിതവും ഫലപ്രദവും ഗുണനിലവാരമുള്ളതും മിതമായ വിലയിരുത്തലുള്ളതുമായ ഔഷധങ്ങളുടെയും വാക്സിനുകളുടെയും സാർവത്രികലഭ്യത എന്നിവ ഉറപ്പാക്കുക.

**3.9.** അപായകാരിയായ രാസവസ്തുക്കൾ, വായു-ജല-ഭൂമലിനീകരണം, മായം എന്നിവ മൂലമുള്ള മരണങ്ങളും രോഗങ്ങളും 2030-ഓടെ ഗണ്യമായി കുറയ്ക്കണം.

**3.എ.** പുകയില നിയന്ത്രണത്തിനുള്ള ലോകാരോഗ്യസംഘടനയുടെ രൂപരേഖാ ഉടമ്പടി എല്ലാ രാജ്യങ്ങളിലും നടപ്പാക്കുന്നതു ശക്തിപ്പെടുത്തുക.

**3.ബി.** വികസ്വര രാജ്യങ്ങളെ പ്രധാനമായും ബാധിക്കുന്ന, പകരുന്നതും പകരാത്തതുമായ രോഗങ്ങൾക്ക് മരുന്നുകളും വാക്സിനുകളും കണ്ടെത്താനുള്ള ഗവേഷണങ്ങളെയും പ്രവർത്തനങ്ങളെയും സഹായിക്കുക. പൊതു

ജനാരോഗ്യ സംരക്ഷണത്തിനും പ്രത്യേകിച്ച് എല്ലാവർക്കും മരുന്നുകൾ ലഭ്യമാക്കുന്നതിനും ഉതകുന്ന രീതിയിൽ വികസ്വര രാജ്യങ്ങൾക്കു ബൗദ്ധിക സ്വത്തവകാശത്തിന്റെ വാണിജ്യഘടകങ്ങൾ സംബന്ധിച്ചുള്ള ഇളവുകൾ അംഗീകരിക്കുന്ന ട്രിപ്സ് ഉടമ്പടിയും പൊതുജനാരോഗ്യവും സംബന്ധിച്ച ദോഹ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് ചെലവു കുറഞ്ഞ അത്യാവശ്യ മരുന്നുകളും വാക്സിനുകളും ലഭ്യമാക്കണം.

**3.സി.** വികസ്വര രാജ്യങ്ങളിൽ പ്രത്യേകിച്ചും തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ ദ്വീപ് രാജ്യങ്ങളിലും ആരോഗ്യമേഖലയ്ക്കുള്ള ധനവിഹിതം കൂട്ടുകയും ആരോഗ്യപ്രവർത്തകരുടെ റിക്രൂട്ട്മെന്റും പരിശീലനവും നിലനിർത്തലും വർധിപ്പിക്കുകയും ചെയ്യുന്നു.

**3.ഡി.** ദേശീയവും ആഗോളവുമായ ആരോഗ്യ അപായങ്ങളുടെ മുന്നറിയിപ്പിനും അപായസാധ്യത കുറയ്ക്കലിനും അപായ മാനേജ്മെന്റിനും എല്ലാ രാജ്യങ്ങൾക്കും പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾക്കുമുള്ള സംവിധാനം ശക്തിപ്പെടുത്തുക.

# ലക്ഷ്യം 4

## എല്ലാവരെയും ഉൾക്കൊള്ളുന്നതും സമത്വാധിഷ്ഠിതവുമായ മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുക. എല്ലാവർക്കും ഏതു പ്രായത്തിലും പഠനാവസരങ്ങൾ ലഭ്യമാക്കുക.

**4.1.** 2030-ഓടെ എല്ലാ പെൺകുട്ടികളും ആൺകുട്ടികളും പ്രസക്തവും ഫലപ്രദവുമായ പഠനഫലങ്ങൾ നേടുന്ന സൗജന്യവും സമത്വാധിഷ്ഠിതവും മികവുറ്റതുമായ പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസം പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തുക.

**4.2.** പ്രൈമറി വിദ്യാഭ്യാസത്തിനു സജ്ജരാക്കുന്ന ശൈശവപരിപാലനവും വികസനവും നിലവാരമുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസവും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ലഭ്യമാണെന്ന് 2030-ഓടെ ഉറപ്പുവരുത്തുക.

**4.3.** സർവകലാശാലകളടക്കം നിലവാരമുള്ളതും ചെലവു കുറഞ്ഞതുമായ തൊഴിൽ, സാങ്കേതിക, തൃതീയ വിദ്യാഭ്യാസത്തിന് എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ അവസരം ഉണ്ടെന്ന് 203-ഓടെ ഉറപ്പുവരുത്തുക.

**4.4.** തൊഴിലിനും മാന്യമായ പണികൾക്കും സംരംഭകത്വത്തിനും പറ്റിയ സാങ്കേതികവും തൊഴിൽപരവുമായതടക്കമുള്ള മികച്ച നൈപുണ്യം ചെലവു കുറഞ്ഞ രീതിയിൽ നേടാൻ എല്ലാ സ്ത്രീപുരുഷന്മാർക്കും തുല്യ അവസരം

ഉണ്ടെന്ന് 2030-ഓടെ ഉറപ്പുവരുത്തുക.

**4.5.** 203-ഓടെ വിദ്യാഭ്യാസത്തിൽ ലിംഗവിവേചനം ഇല്ലാതാക്കുക. വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും എല്ലാ തലങ്ങളിലും, ശാരീരിക ന്യൂനത ഉള്ളവരും തദ്ദേശീയരും ദുർബല സാഹചര്യത്തിലുമുള്ള കുട്ടികളുമടക്കം എല്ലാവർക്കും അവസരമുണ്ടെന്ന് ഉറപ്പുവരുത്തുക.

**4.6.** 2030-ഓടെ എല്ലാ യുവാക്കൾക്കും, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രായപൂർത്തിയായവരിൽ ഗണ്യമായ പങ്കിനും സാക്ഷരതയും കണക്കുകൂട്ടൽ ശേഷിയും ഉണ്ടെന്ന് ഉറപ്പുവരുത്തുക.

**4.7.** സുസ്ഥിര വികസനം, സുസ്ഥിര ജീവിതശൈലി, മനുഷ്യാവകാശങ്ങൾ, ലിംഗസമത്വം എന്നിവ ഉൾക്കൊള്ളുന്ന സമാധാനത്തിന്റെയും അക്രമരാഹിത്യത്തിന്റെയും ആഗോള പൗരത്വത്തിന്റെയും സംസ്കാരത്തിന്റെ പ്രോത്സാഹനം, സുസ്ഥിര വികസനത്തിനുള്ള സാംസ്കാരിക സംഭാവനകൾ എന്നിവയിലൂടെ എല്ലാ വിദ്യാർത്ഥികളും 2030-ഓടെ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കാനാവശ്യമായ നൈപുണ്യവും അറിവും ആർജിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

**4 എ.** കുട്ടികളുടെയും ശാരീരിക ന്യൂനതയുള്ളവരുടെയും പെൺകുട്ടികളുടെയും പ്രത്യേകതകൾ പരിഗണിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക. സുരക്ഷിതവും അക്രമരഹിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ഫലപ്രദവുമായ പഠനപരിസരം എല്ലാവർക്കും ലഭ്യമാക്കുക.

**4 ബി.** വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും തൊഴിൽ പരിശീലനം, ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻസ് ടെക്നോളജി, സാങ്കേതിക-എൻജിനീയറിംഗ-ശാസ്ത്ര കോഴ്സുകൾ എന്നിവയടക്കം ഉന്നതവിദ്യാഭ്യാസത്തിന് വികസ്വര രാജ്യങ്ങളിലും പ്രത്യേകിച്ച് തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ ദ്വീപരാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഉള്ളവർക്കു ലഭ്യമാകുന്ന സ്കോളർഷിപ്പുകളുടെ സംഖ്യ 2020-ഓടെ ഗണ്യമായി വർധിപ്പിക്കണം.

**4 സി.** വികസ്വര രാജ്യങ്ങളിൽ, പ്രത്യേകിച്ചും തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ ദ്വീപരാജ്യങ്ങളിലും, അന്താരാഷ്ട്ര സഹകരണത്തോടെ അധ്യാപക പരിശീലനം നടത്തി 2030-ഓടെ യോഗ്യരായ അധ്യാപകരുടെ ലഭ്യത കൂട്ടുക.

# ലക്ഷ്യം 5

## ലിംഗസമത്വം സാധിക്കുക. സ്ത്രീകളെയും കുട്ടികളെയും ശാക്തീകരിക്കുക.

5.1 എല്ലായിടത്തും സ്ത്രീകളോടും പെൺകുട്ടികളോടുമുള്ള എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കുക.

5.2 ലൈംഗികവും അല്ലാത്തതുമായ ചൂഷണങ്ങളും മനുഷ്യക്കടത്തും അടക്കം സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരേ സ്വകാര്യതലത്തിലും പൊതുതലത്തിലുമുള്ള എല്ലാത്തരം അക്രമങ്ങളും അവസാനിപ്പിക്കുക.

5.3 പെൺകുട്ടികളുടെ ഗുഹ്യപരിച്ഛേദനവും ബാല്യത്തിലേ ഉള്ള നിർബന്ധിത വിവാഹവും അടക്കം ദോഷകരമായ എല്ലാ നടപടികളും ഇല്ലായ്മ ചെയ്യുക.

5.4 ഓരോ രാജ്യത്തിനും ഇണങ്ങുന്ന സാമൂഹ്യ സുരക്ഷാനയങ്ങളും പൊതുസേവനങ്ങളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിയും കുടുംബങ്ങളിൽ ഗാർഹിക ചുമതലകൾ ഉചിതമായി പങ്കുവച്ചും സ്ത്രീകളുടെ പ്രതിഫലം കൊടുക്കാത്ത വീട്ടുപണികളുടെയും കുടുംബത്തിലെ സേവനങ്ങളുടെയും മൂല്യം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുക.

5.5 രാഷ്ട്രീയ, സാമ്പത്തിക, പൊതുരംഗങ്ങളിൽ എല്ലാ തലത്തിലുമുള്ള നേതൃത്വത്തിൽ സ്ത്രീകൾക്കു പൂർണവും ഫലപ്രദവുമായ പങ്കാളിത്തമുണ്ടെന്നും തുല്യ അവസരങ്ങൾ ഉണ്ടെന്നും ഉറപ്പുവരുത്തുക.

5.6 ബെയ്ജിംഗ് പ്ലാറ്റ്ഫോറം ഫോർ ആക്ഷന്റെയും  ജനസംഖ്യയും വികസനവും സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെയും കർമപരിപാടികളും അവയുടെ രേഖകളും വിശകലന സമ്മേളന തീരുമാനങ്ങളും പ്രകാരമുള്ള ലൈംഗിക-പ്രത്യുൽപാദന അവകാശങ്ങളും സാർവത്രികമായി ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.

5.എ. ദേശീയ നിയമങ്ങൾക്ക് അനുസൃതമായി ഭൂമിയുടെയും മറ്റു സ്വത്തുക്കളുടെയും ധനകാര്യ സേവനങ്ങൾ, പിന്തുടർച്ചാവകാശം, പ്രകൃതിവിഭവങ്ങൾ എന്നിവയുടെയും ഉടമസ്ഥതയും നിയന്ത്രണവും ലഭ്യതയും സ്ത്രീകൾക്കു തുല്യമായി ലഭിക്കാനുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുക.

5.ബി. ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻസ് ടെക്നോളജി അടക്കം സഹായക സാങ്കേതികവിദ്യകൾ ഉപയോഗിച്ചു സ്ത്രീകളെ ശാക്തീകരിക്കുക.

5.സി. എല്ലാ തലങ്ങളിലുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനും ലിംഗസമത്വ പരിപോഷണത്തിനും ഉതകുന്ന ഫലപ്രദമായ നയങ്ങളും നടപ്പാക്കാവുന്ന നിയമങ്ങളും സ്വീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

# ലക്ഷ്യം 6

## എല്ലാവർക്കും വെള്ളവും ശുചിത്വവും ലഭ്യമാണെന്നും വെള്ളത്തിന്റെ സുസ്ഥിര മാനേജ്മെന്റ് സാധിക്കുന്നുവെന്നും ഉറപ്പാക്കുക.

6.1 2030-ഓടെ എല്ലാവർക്കും സുരക്ഷിതവും താങ്ങാവുന്ന വിലയിലുള്ളതുമായ കുടിവെള്ളം സാർവത്രികമായും സമത്വാധിഷ്ഠിതമായും ലഭ്യമാക്കുക.

6.2 സ്ത്രീകളും കുട്ടികളുമടക്കം ദുർബല സാഹചര്യങ്ങളിലുള്ളവരുടെ ആവശ്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് വെളിസ്ഥലത്തെ മലവിസർജനം ഒഴിവാക്കുകയും എല്ലാവർക്കും ആവശ്യത്തിനുള്ള ശുചിമുറികളും സൗകര്യങ്ങളും 2030-ഓടെ ലഭ്യമാക്കുകയും ചെയ്യുക.

6.3 സുരക്ഷിതമായ പുനരുപയോഗവും പുനരുപയോഗക്ഷമമാക്കലും വർധിപ്പിച്ചും ശുദ്ധീകരിക്കാത്ത അഴുക്കുവെള്ളത്തിന്റെ തോത് പകുതിയാക്കിയും മലിനീകരണം കുറച്ചും മാലിന്യനിക്ഷേപം ഇല്ലാതാക്കിയും അപായകാരികളായ രാസവസ്തുക്കളുടെയും പദാർഥങ്ങളുടെയും തോതു കുറച്ചും 2030-ഓടെ വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

6.4 2030-ഓടെ എല്ലാ മേഖലകളിലും ജലവിനിയോഗക്ഷമത ഗണ്യമായി വർധിപ്പിച്ചും സുസ്ഥിരമായ വെള്ളമെടുപ്പും വിതരണവും ഉറപ്പാക്കിയും ജലദൗർലഭ്യത്തെ നേരിടുകയും ജലദൗർലഭ്യം മൂലം വിഷമിക്കുന്ന ജനങ്ങളുടെ സംഖ്യ ഗണ്യമായി കുറയ്ക്കുകയും ചെയ്യുക.

6.5 ഉചിതമായ രാജ്യാന്തര സഹകരണമടക്കം എല്ലാ തലത്തിലും സംയോജിത ജലവിഭവ മാനേജ്മെന്റും 2030-ഓടെ നടപ്പാക്കുക.

6.6 മലകൾ, വനങ്ങൾ, തണ്ണീർത്തടങ്ങൾ, നദികൾ, കുളങ്ങൾ, തടാകങ്ങൾ തുടങ്ങിയ വെള്ളവുമായി ബന്ധപ്പെട്ട പരിസ്ഥിതി 2020-ഓടെ സംരക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്യുക.

6.എ. വെള്ളക്കൊയ്ത്ത്, ഉപ്പുനീക്കൽ, ജല ഉപയോഗക്ഷമത, അഴക്കുവെള്ള ശുചീകരണം, വെള്ളം വീണ്ടെടുക്കൽ, പുനരുപയോഗം തുടങ്ങി വെള്ളവും ശുചിത്വവുമായി ബന്ധപ്പെട്ട പരിപാടികളും പദ്ധതികളും വികസ്വര രാഷ്ട്രങ്ങളിൽ നടപ്പാക്കാനുള്ള ശേഷി കൂട്ടുന്നതിന് അന്താരാഷ്ട്ര സഹകരണം 2030-ഓടെ വർധിപ്പിക്കുക.

6 ബി. ജല-ശുചിത്വ മാനേജ്മെന്റിന് പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തെ ശക്തിപ്പെടുത്തുകയും പിന്തുണയ്ക്കുകയും ചെയ്യുക.

# ലക്ഷ്യം 7

## വിശ്വാസ്യവും സുസ്ഥിരവും താങ്ങാവുന്ന ചെലവിലുള്ളതുമായ ആധുനിക ഊർജം എല്ലാവർക്കും ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.

7.1 താങ്ങാവുന്നതും വിശ്വാസ്യവുമായ ആധുനിക ഊർജസേവനം 2030-ഓടെ സാർവത്രികമാക്കുക.

7.2 2030-ഓടെ ആഗോള ഊർജഘടനയിൽ പുനരുൽപാദിപ്പിക്കാവുന്ന ഊർജത്തിന്റെ പങ്ക ഗണ്യമായി വർധിപ്പിക്കുക.

7.3 ആഗോള ഊർജക്ഷമതയിലെ വളർച്ചയുടെ തോത് 2030-ഓടെ ഇരട്ടിയാക്കുക.

7.എ ഊർജ അടിസ്ഥാനഘടനയിലും ശുദ്ധ ഊർജ സാങ്കേതികവിദ്യയിലും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതും പുനരുൽപാദനക്ഷമ ഊർജം, ഊർജക്ഷമത, നവീനവും ശുദ്ധവുമായ ഫോസിൽഇന്ധന ഊർജസാങ്കേതികവിദ്യ തുടങ്ങി ശുദ്ധ ഊർജഗവേഷണത്തിന്റെയും സാങ്കേതികവിദ്യയുടെയും ലഭ്യത കൂട്ടുന്നതിനുമുള്ള അന്താരാഷ്ട്ര സഹകരണം 2030-ഓടെ വർധിപ്പിക്കുക.

7 ബി. ഓരോ രാജ്യത്തെയും പരിപാടികൾക്ക് അനുസൃതമായി, തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ വികസ്വരരാജ്യങ്ങളിലും അടക്കം എല്ലാ വികസ്വരരാജ്യങ്ങളിലും നവീനവും സുസ്ഥിരവുമായ ഊർജവിതരണത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യയും 2030-ഓടെ വികസിപ്പിക്കുക.

# ലക്ഷ്യം 8

## സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും തുടർന്നുകൊണ്ടു പോകുന്നതുമായ സാമ്പത്തികവളർച്ചയും എല്ലാവർക്കും നിർമാണാത്മകവും അന്തസുറ്റതുമായ തൊഴിലും ഉറപ്പാക്കുക.8

8.1 ദേശീയ സാഹചര്യങ്ങൾക്കനുസൃതമായി പ്രതിശീർഷ സാമ്പത്തികവളർച്ച നിലനിർത്തുക. തീരെ വികസിക്കാത്ത രാജ്യങ്ങളിൽ ഏഴു ശതമാനം പ്രതിവർഷ ജിഡിപി വളർച്ച ഉറപ്പാക്കുക.

8.2 ഉയർന്ന മൂല്യവർധനയുള്ളതും കൂടുതൽ തൊഴിലാളികൾ ആവശ്യമുള്ള തുമായ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് വൈവിധ്യവൽക്കരണം, സാങ്കേതിക നിലവാരം കൂട്ടൽ, പുതുമ എന്നിവയിലൂടെ ഉയർന്ന സാമ്പത്തിക ഉൽപാദനക്ഷമതാ വളർച്ച കൈവരിക്കുക.

8.3 നിർമാണാത്മക പ്രവർത്തനങ്ങളെയും മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെയും സംരംഭകത്വത്തെയും സർഗാത്മകതയെയും നൂതനത്വത്തെയും ധനകാര്യ സേവനങ്ങളുടെ ലഭ്യതയടക്കം ചെറു-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങളെ വളർത്തുകയും ഔപചാരികമാക്കുകയും ചെയ്യുന്നതിനെയും സഹായിക്കുന്ന വികസനോന്മുഖ നയങ്ങളെ പിന്തുണയ്ക്കുക.

8.4 സുസ്ഥിര ഉപഭോഗ-ഉൽപാദന പരിപാടികളുടെ പത്തുവർഷ രൂപരേഖയ്ക്ക് അനുസരണമായി സാമ്പത്തികവളർച്ചയെ പാരിസ്ഥിതിക തകർച്ചയിൽനിന്നു മാറ്റിയെടുക്കുന്ന വിധം 2030-ഓടെ ഉപഭോഗത്തിലും ഉൽപാദനത്തിലും ആഗോള വിഭവക്ഷമത ക്രമമായി കൈവരിക്കണം.

8.5 2030-ഓടെ യുവാക്കളും ന്യൂനതകളുള്ളവരുമടക്കം എല്ലാ സ്ത്രീപുരുഷന്മാർക്കും പൂർണവും ആദായകരവും മാന്യവുമായ തൊഴിലും തുല്യമൂല്യവുമുള്ള ജോലിക്കു തുല്യവേതനവും ഉറപ്പാക്കുക.

8.6 തൊഴിലിലോ വിദ്യാഭ്യാസത്തിലോ പരിശീലനത്തിലോ അല്ലാത്ത യുവാക്കളുടെ തോത് 2020-ഓടെ ഗണ്യമായി കുറയ്ക്കുക.

8.7 നിർബന്ധിതമായി പണി ചെയ്യിക്കുന്നതും ആധുനിക അടിമത്തവും മനുഷ്യക്കടത്തും അവസാനിപ്പിക്കാനും സത്വരവും ഫലപ്രദവുമായ നടപടികൾ എടുക്കുകയും കുട്ടിപ്പട്ടാളക്കാരെ റിക്രൂട്ട് ചെയ്യുന്നതും ഉപയോഗിക്കുന്നതും  അടക്കമുള്ള ബാലവേലയുടെ ഏറ്റവും മോശമായ രീതികൾ നിരോധിക്കുകയും ഇല്ലാതാക്കുകയും ചെയ്ത് 2025-ഓടെ എല്ലാ രൂപത്തിലുമുള്ള ബാലവേല അവസാനിപ്പിക്കുകയും ചെയ്യുക.

8.8 തൊഴിലവകാശങ്ങൾ സംരക്ഷിക്കുകയും എല്ലാ തൊഴിലാളികൾക്കും, പ്രത്യേകിച്ച് സ്ത്രീകളടക്കമുള്ള കുടിയേറ്റ തൊഴിലാളികൾക്കും അപകടകരമായ സാഹചര്യങ്ങളിൽ ജോലിയെടുക്കുന്നവർക്കും സുരക്ഷിതവും ഭദ്രവുമായ തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുകയും ചെയ്യുക.

8.9 തൊഴിലവസരം സൃഷ്ടിക്കുകയും തദ്ദേശീയ സംസ്കാരത്തെയും ഉത്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സുസ്ഥിര ടൂറിസം നയങ്ങൾ 2030-ഓടെ ആവിഷ്കരിച്ചു നടപ്പാക്കുക.

8.10 ബാങ്കിംഗും ഇൻഷ്വറൻസും ധനകാര്യ സേവനങ്ങളും എല്ലാവർക്കും ലഭ്യമാകുന്ന രീതിയിൽ ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളുടെ ശേഷി വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

8 എ. തീരെ വികസിക്കാത്ത രാജ്യങ്ങൾക്കുള്ള വാണിജ്യ സാങ്കേതികസഹായം

സംബന്ധിച്ച സംവർധിത സംയോജിത രൂപരേഖയടക്കമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വികസ്വരരാജ്യങ്ങൾക്കു വാണിജ്യത്തിനുള്ള സഹായപരിപാടികൾ വർധിപ്പിക്കുക.

8 ബി യുവാക്കളുടെ തൊഴിൽ സംബന്ധിച്ച് 2020-ഓടെ ഒരു ആഗോളതന്ത്രം രൂപപ്പെടുത്തി നടപ്പാക്കുകയും അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐഎൽഒ)യുടെ ആഗോള തൊഴിൽ ഉടമ്പടി നടപ്പാക്കുകയും ചെയ്യുക.

# ലക്ഷ്യം 9

## കാര്യക്ഷമമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക. എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിരവ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക. പുതുമയെ പരിപോഷിപ്പിക്കുക.

9.1 താങ്ങാവുന്നതും സമത്വാധിഷ്ഠിതവുമായി എല്ലാവർക്കും ലഭ്യമാകുന്നതിനുള്ള ഉദ്ദേശ്യത്തോടെ, സാമ്പത്തികവികസനത്തിനും മനുഷ്യരുടെ ക്ഷേമത്തിനും സഹായകരമായി, മേഖലാതലത്തിലും രാജ്യാന്തരതലത്തിലും ഉള്ളതടക്കം നിലവാരമുള്ളതും ഉറപ്പുള്ളതും സുസ്ഥിരവും കാര്യക്ഷമവുമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക.

9.2 ദേശീയ സാഹചര്യങ്ങൾക്കനുസൃതമായി സുസ്ഥിരവും സാർവാശ്ലേഷിയുമായ വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും 2030-ഓടെ തൊഴിലിലും മൊത്ത ആഭ്യന്തര ഉത്പാദന(ജിഡിപി)ത്തിലും വ്യവസായമേഖലയുടെ പങ്ക് ഗണ്യമായി കൂട്ടുകയും തീരെ വികസിക്കാത്ത രാജ്യങ്ങളിൽ ഇരട്ടിപ്പിക്കുകയും ചെയ്യുക.

9.3 താങ്ങാവുന്ന പലിശയിലുള്ള വായ്പ അടക്കം ധനകാര്യസേവനങ്ങൾ വ്യാവസായികവും അല്ലാത്തതുമായ ചെറുകിട സംരംഭങ്ങൾക്ക്, പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളിൽ, ലഭ്യമാക്കുകയും ആ സ്ഥാപനങ്ങളെ കമ്പോളങ്ങളുമായും മൂല്യവർധനാശൃംഖലകളുമായും സംയോജിപ്പിക്കുകയും ചെയ്യുക.

9.4 ഓരോ രാജ്യവും തങ്ങളുടെ ശേഷിക്കനുസരിച്ച്, വർധിച്ച വിഭവ ഉപയോഗക്ഷമത വഴിയും ശുദ്ധവും പാരിസ്ഥിതികമായി ഗുണകരവുമായ സാങ്കേതികവിദ്യകളും വ്യാവസായിക പ്രക്രിയകളും സ്വീകരിച്ചും വ്യവസായങ്ങളെ നവീകരിച്ചും അടിസ്ഥാനസൗകര്യങ്ങളുടെ നിലവാരം കൂട്ടിയും അവയെ സുസ്ഥിരമാക്കുക.

9.5 ഗവേഷണ-വികസന പരിപാടികൾക്കു പൊതു-സ്വകാര്യമേഖലാ ധനസഹായം വർധിപ്പിച്ചും ഓരോ ദശലക്ഷം ജനസംഖ്യക്കുമുള്ള ഗവേഷണ-വികസന പരിപാടികൾ ഗണ്യമായി വർധിപ്പിച്ചും പുതിയ ആവിഷ്കാരങ്ങളെ

പ്രോത്സാഹിപ്പിച്ചും 2030-ഓടെ വികസ്വരരാജ്യങ്ങളിലടക്കം എല്ലാ രാജ്യങ്ങളിലും വ്യവസായമേഖലയുടെ സാങ്കേതികശേഷി ഉയർത്തുകയും ശാസ്ത്രീയഗവേഷണം ശക്തിപ്പെടുത്തുകയും ചെയ്യുക.

9.എ ആഫ്രിക്കൻ രാജ്യങ്ങൾ, തീരെ വികസിക്കാത്ത രാജ്യങ്ങൾ, സമുദ്രസാമീപ്യമില്ലാത്ത വികസ്വരരാജ്യങ്ങൾ എന്നിവയ്ക്ക് വർധിച്ച തോതിൽ ധനകാര്യ, സാങ്കേതിക, സാങ്കേതികവിദ്യാസഹായം നൽകിക്കൊണ്ട് വികസ്വരരാജ്യങ്ങളിൽ സുസ്ഥിരവും കാര്യക്ഷമവുമായ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുക.

9 ബി. വ്യാവസായിക വൈവിധ്യവത്കരണത്തിനും ഉത്പന്നങ്ങളുടെ മൂല്യവർധനയ്ക്കും പറ്റിയ നയപരമായ അന്തരീക്ഷം ഉറപ്പുവരുത്തി വികസ്വരരാജ്യങ്ങളിൽ ആഭ്യന്തര സാങ്കേതികവിദ്യാവികസനവും ഗവേഷണവും ആവിഷ്കാരങ്ങളും പ്രോത്സാഹിപ്പിക്കുക.

9 സി. 202-ഒടെ തീരെ വികസിക്കാത്ത രാജ്യങ്ങളിൽ സാർവത്രികവും ചെലവു കുറഞ്ഞതുമായ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനും ഇൻഫർമേഷൻ-കമ്യൂണിക്കേഷൻ ടെക്നോളജിയുടെ ലഭ്യത ഗണ്യമായി വർധിപ്പിക്കാനും ശ്രമിക്കുക.

# ലക്ഷ്യം 10

## രാജ്യത്തിനുള്ളിലും രാജ്യങ്ങൾക്കിടയിലും അസമത്വം കുറയ്ക്കുക.

10.1 2030-ഓടെ ജനസംഖ്യയുടെ താഴേത്തട്ടിലെ 40 ശതമാനം ജനങ്ങൾക്കു ദേശീയശരാശരിയേക്കാൾ കൂടിയ തോതിൽ സുസ്ഥിര വരുമാനവളർച്ച സാധ്യമാക്കുക.

10.2 പ്രായം, ലിംഗം, ന്യൂനത, വംശം, വർണം, ജനനം, മതം, സാമ്പത്തികനില, മറ്റു പദവികൾ ഇവയൊന്നും കണക്കാക്കാതെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായി ഉൾപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിച്ച് എല്ലാവരെയും ശക്തിപ്പെടുത്തുക.

10.3 വിവേചനം വളർത്തുന്ന നിയമങ്ങളും നയങ്ങളും രീതികളും ഇല്ലാതാക്കിയും ഉചിതമായ നിയമനിർമാണവും നയങ്ങളും കർമപരിപാടികളും വഴി എല്ലാവർക്കും തുല്യ അവസരം ഉറപ്പാക്കുകയും സാമ്പത്തിക അസമത്വം കുറയ്ക്കുകയും ചെയ്യുക.

10.4 നികുതി, ശമ്പള, സാമൂഹ്യസുരക്ഷാ നയങ്ങൾ വഴി ക്രമേണ കൂടുതൽ സമത്വം കൊണ്ടുവരുക.

10.5 ആഗോള ധനകാര്യ കമ്പോളങ്ങളുടെയും സ്ഥാപനങ്ങളുടെയും നിയന്ത്രണവും നിരീക്ഷണവും മെച്ചപ്പെടുത്തുകയും നിയന്ത്രണ വ്യവസ്ഥകൾ കൃത്യമായി പാലിക്കുകയും ചെയ്യുക.

10.6 ആഗോള-അന്താരാഷ്ട്ര സാമ്പത്തിക-ധനകാര്യ സ്ഥാപനങ്ങളിൽ വികസ്വര രാജ്യങ്ങൾക്കു കൂടുതൽ പ്രാതിനിധ്യവും പങ്കാളിത്തവും നൽകി അവയെ കൂടുതൽ കാര്യക്ഷമവും വിശ്വാസ്യവും നിയമാനുസൃതവും ഉത്തരവാദപൂർണവും ആക്കുക.

10.7 ആസൂത്രിതവും നന്നായി ക്രമീകരിച്ചതുമായ കുടിയേറ്റനയങ്ങൾ നടപ്പാക്കുന്നതടക്കമുള്ള നടപടികളിലൂടെ ക്രമമായ, സുരക്ഷിത, ക്രമീകൃത, ഉത്തരവാദപൂർണമായ കുടിയേറ്റവും ജനങ്ങളുടെ സഞ്ചരണവും ഉറപ്പാക്കുക.

10 എ. ലോകവ്യാപാരസംഘടനയുടെ കരാറുകൾക്കനുസരിച്ച്, തീരെ വികസിക്കാത്ത രാജ്യങ്ങളടക്കം വികസ്വരരാജ്യങ്ങൾക്കും പ്രത്യേകവും വ്യത്യസ്തവുമായ പരിഗണന നൽകുക.

10 ബി. തീരെ വികസിക്കാത്ത രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, ചെറിയ ദ്വീപ വികസ്വരരാജ്യങ്ങൾ, സമുദ്രസാമീപ്യമില്ലാത്ത രാജ്യങ്ങൾ എന്നിവയടക്കമുള്ള രാജ്യങ്ങളിലേക്ക് ആ രാജ്യങ്ങളുടെ ദേശീയനയപരിപാടികൾക്ക അനുസൃതമായി ഔദ്യോഗിക വികസനസഹായവും പ്രത്യക്ഷ വിദേശനിക്ഷേപമടക്കം ധനകാര്യനിക്ഷേപവും നൽകണം.

10 സി. പ്രവാസികൾക്കു നാട്ടിലേക്കു പണമയയ്ക്കാനുള്ള ചെലവ് അഞ്ചു ശതമാനത്തിലേറെയുള്ള സംവിധാനങ്ങൾ ഇല്ലാതാക്കുകയും അയയ്ക്കാനുള്ള ചെലവ് 2030-ഓടെ മൂന്നു ശതമാനത്തിൽ താഴെയാക്കുകയും ചെയ്യുക.

# ലക്ഷ്യം 11

## നഗരങ്ങളെയും മനുഷ്യവാസ കേന്ദ്രങ്ങളെയും സുരക്ഷിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും കാര്യക്ഷമവും സുസ്ഥിരവുമാക്കുക.

11.1 2030-ഓടെ എല്ലാവർക്കും വേണ്ടത്ര സുരക്ഷിതവും താങ്ങാവുന്നതുമായ പാർപ്പിടലഭ്യതയും അടിസ്ഥാന സേവനങ്ങളും ലഭ്യമാക്കുകയും ചേരികൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

11.2 ദുർബല സാഹചര്യങ്ങളിലുള്ളവരും സ്ത്രീകളും കുട്ടികളും ന്യൂനതകൾ ഉള്ളവരും വൃദ്ധരും അടക്കമുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് പൊതുഗതാഗത സംവിധാനം വികസിപ്പിച്ചും റോഡ് സുരക്ഷ മെച്ചപ്പെടുത്തിയും എല്ലാവർക്കും സുരക്ഷിതവും താങ്ങാവുന്നതും ലഭ്യവും സുസ്ഥി

രവുമായ ഗതാഗത സംവിധാനം 2030-ഓടെ ലഭ്യമാക്കുക.

11.3 എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ നഗരവൽക്കരണവും പങ്കാളിത്തത്തോടെയുള്ള സംയോജിത, സുസ്ഥിര പാർപ്പിട ആസൂത്രണത്തിനും മാനേജ്മെന്റിനുമുള്ള ശേഷിയും എല്ലാ രാജ്യങ്ങളിലും 2030-ഓടെ വർധിപ്പിക്കുക.

11.4 ലോകത്തിലെ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകം സംരക്ഷിക്കാനും ഭദ്രമാക്കാനുമുള്ള യത്നങ്ങൾ ശക്തിപ്പെടുത്തുക.

11.5 ദരിദ്രരും ദുർബലാവസ്ഥയിലുള്ളവരുമായ ജനങ്ങളെ സംരക്ഷിക്കുക എന്ന ഊന്നലോടെ, വെള്ളവുമായി ബന്ധപ്പെട്ടതടക്കമുള്ള ദുരന്തങ്ങൾ വഴിയുള്ള മരണസംഖ്യയും ദുരിതത്തിലാകുന്നവരുടെ സംഖ്യയും, ജിഡിപിയുടെ അനുപാതത്തിൽ ഈ ദുരന്തങ്ങളിലെ പ്രത്യക്ഷ സാമ്പത്തികനഷ്ടവും 2030-ഓടെ ഗണ്യമായി കുറയ്ക്കണം.

11.6 അന്തരീക്ഷവായുവിന്റെ ഗുണനിലവാരത്തിലും നഗരങ്ങളിലെ മാലിന്യ നിർമാർജനത്തിലും പ്രത്യേകം ശ്രദ്ധിച്ച് നഗരങ്ങളുടെ ആളോഹരി പാരിസ്ഥിതിക ആഘാതം 2030-ഓടെ കുറയ്ക്കുക.

11.7 സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ന്യൂനതകൾ ഉള്ളവർ തുടങ്ങിയവർക്ക് അടക്കം എല്ലാവർക്കും 2030-ഓടെ സുരക്ഷിതവും എല്ലാവർക്കും പ്രവേശിക്കാവുന്നതും ഹരിതവുമായ പൊതു ഇടങ്ങൾ ലഭ്യമാക്കണം.

11. എ ദേശീയവും മേഖലാതലത്തിലുള്ളതുമായ വികസനാസൂത്രണം ശക്തിപ്പെടുത്തി, നഗര-അർധനഗര-ഗ്രാമപ്രദേശങ്ങളും സാമ്പത്തികവും സാമൂഹ്യവും പാരിസ്ഥിതികവുമായ ബന്ധങ്ങൾ സംരക്ഷിക്കുക.

11 ബി. ദുരന്തങ്ങളോടു പ്രതികരിക്കാനും കാലാവസ്ഥാമാറ്റത്തോടു പൊരുത്തപ്പെടാനും അവയുടെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കാനും വിഭവവിനിയോഗക്ഷമത, സർവശ്ലേഷിത്വം എന്നീ നയങ്ങളും പരിപാടികളും സംയോജിപ്പിച്ചു നടപ്പാക്കാനും തയാറുള്ള നഗരങ്ങളുടെ മനുഷ്യവാസകേന്ദ്രങ്ങളുടെയും സംഖ്യ 2020-ഓടെ ഗണ്യമായി വർധിപ്പിക്കുക. ഇവ സെന്ദൈ ഫ്രെയിംവർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ 2015-2030ന് അനുസരിച്ചു തയാറാക്കുകയും എല്ലാ തലങ്ങളിലും സമഗ്രമായ ദുരിതാപായ മാനേജ്മെന്റ് രൂപപ്പെടുത്തുകയും വേണം.

11 സി. തദ്ദേശീയ വിഭവങ്ങൾ ഉപയോഗിച്ച് സുസ്ഥിരവും ദുരന്തങ്ങളെ അതിജീവിക്കുന്നതുമായ കെട്ടിടങ്ങൾ നിർമിക്കാൻ ധനകാര്യ-സാങ്കേതിക സഹായങ്ങൾ നൽകി, തീരെ വികസിക്കാത്ത രാജ്യങ്ങളെ പിന്തുണയ്ക്കുക.

# ലക്ഷ്യം 12

## സുസ്ഥിരമായ ഉത്പാദന-ഉപഭോഗക്രമങ്ങൾ രൂപപ്പെടുത്തുക.

12.1 വികസ്വരരാജ്യങ്ങളുടെ വികസനവും ശേഷികളും കണക്കിലെടുത്തു വികസിതരാജ്യങ്ങൾ മുൻകൈയെടുത്തുകൊണ്ട് എല്ലാ രാജ്യങ്ങളും ചേർന്ന് സുസ്ഥിരമായ ഉപഭോഗ-ഉത്പാദനക്രമങ്ങൾക്കായുള്ള പരിപാടികളുടെ പത്തുവർഷ രൂപരേഖ നടപ്പിലാക്കുക.

12.2 2030-ഓടെ പ്രകൃതിവിഭവങ്ങളുടെ സുസ്ഥിര മാനേജ്മെന്റും കാര്യക്ഷമ വിനിയോഗവും സാധിക്കുക.

12.3 2030-ഓടെ ചില്ലറവ്യാപാരത്തിലും ഉപഭോക്തൃതലത്തിലും ഭക്ഷ്യവസ്തുക്കൾ പാഴാക്കുന്നത് ആഗോളാടിസ്ഥാനത്തിൽ പകുതിയാക്കുക. വിളവെടുപ്പിനു ശേഷമുള്ളതടക്കം ഭക്ഷ്യോത്പാദന-വിതരണ ശൃംഖലയിലെ പാഴാക്കൽ കുറയ്ക്കുക.

12.4 അന്താരാഷ്ട്ര ഉടമ്പടികളുടെ അടിസ്ഥാനത്തിൽ, രാസവസ്തുക്കളുടെയും പാഴ്‌വസ്തുക്കളുടെയും പാരിസ്ഥിതികമായി ഭദ്രമായ ഉപയോഗവും സൂക്ഷിപ്പും 2020-ഓടെ സാധിക്കുകയും മനുഷ്യാരോഗ്യത്തിനും പരിസ്ഥിതിക്കും ദോഷം വരാത്ത രീതിയിൽ അവ അന്തരീക്ഷം, വെള്ളം, ഭൂമി എന്നിവയിലേക്കു പോകുന്നു എന്ന് ഉറപ്പുവരുത്തുകയും അത്തരം വമനങ്ങൾ കുറയ്ക്കുകയും ചെയ്യുക.

12.5 നിരോധനം, കുറയ്ക്കൽ, പുനരുപയോഗം, വേറെ വസ്തുക്കളാക്കി മാറ്റൽ തുടങ്ങിയവയിലൂടെ പാഴ്‌വസ്തു വർധന 2030-ഓടെ ഗണ്യമായി കുറയ്ക്കണം.

12.6 വലിയതും രാജ്യാന്തരവുമായവയടക്കം കമ്പനികളെ സുസ്ഥിരപ്രക്രിയകൾ സ്വീകരിക്കാനും സുസ്ഥിരകാര്യങ്ങളുടെ വിവരണം റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താനും പ്രേരിപ്പിക്കണം.

12.7 ദേശീയനയങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായി, സുസ്ഥിരരീതികൾ സർക്കാരിന്റെ സംഭരണപരിപാടികളുടെ ഭാഗമാക്കുക.

12.8 സുസ്ഥിരവികസനവും പ്രകൃതിയോട് ഇണങ്ങിപ്പോകുന്നതുമായ ജീവിതരീതിയും സംബന്ധിച്ച് എല്ലായിടത്തുമുള്ള ജനങ്ങൾക്ക് പ്രസക്തമായ വിവരങ്ങൾ അറിയാമെന്ന് 2030-ഓടെ ഉറപ്പുവരുത്തുക.

12.എ. കൂടുതൽ സുസ്ഥിരമായ ഉപഭോഗ-ഉത്പാദന രീതികളിലേക്കു നീങ്ങാൻ വികസ്വരരാജ്യങ്ങളിലെ ശാസ്ത്രീയ-സാങ്കേതിക ശേഷികൾ വർധിപ്പിക്കാൻ സഹായിക്കുക.

12.ബി. തൊഴിലുണ്ടാക്കുകയും തദ്ദേശ സംസ്കാരത്തെയും ഉത്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സുസ്ഥിര ടൂറിസത്തിനുവേണ്ടി

സുസ്ഥിര വികസന ആഘാതങ്ങൾ നിരീക്ഷിക്കാനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക.

12.സി. വികസ്വരരാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങളും സാഹചര്യങ്ങളും പൂർണമായി കണക്കിലെടുത്തും അവരുടെ വികസനത്തിൽ പ്രതികൂല ആഘാതം ഉണ്ടാകുന്നതും കുറച്ചും ദരിദ്രരെയും ആഘാതമേൽക്കുന്ന സമൂഹങ്ങളെയും സംരക്ഷിച്ചുകൊണ്ടും ദോഷകരമായ സബ്സിഡികൾ ഘട്ടംഘട്ടമായി ഇല്ലാതാക്കിയും നികുതിഘടന പുനർക്രമീകരിച്ചും ദേശീയ സാഹചര്യങ്ങൾക്കനുസരിച്ച് കമ്പോളത്തിലെ അപാകതകൾ പരിഹരിച്ച്, ഫോസിൽ ഇന്ധനങ്ങളുടെ ധൂർത്തമായ ഉപഭോഗം കൂട്ടുന്ന ഇന്ധന സബ്സിഡികൾ കുറയ്ക്കുക.

# ലക്ഷ്യം 13*

## കാലാവസ്ഥാമാറ്റവും അതിന്റെ പ്രത്യാഘാതങ്ങളും നേരിടാൻ അടിയന്തര നടപടികൾ എടുക്കുക.

13.1 കാലാവസ്ഥാ സംബന്ധിയായ അപകടങ്ങളും പ്രകൃതിദുരന്തങ്ങളും നേരിടാനുള്ള ശേഷിയും അവയോടു പൊരുത്തപ്പെടാനുള്ള കഴിവും എല്ലാ രാജ്യങ്ങളിലും വർധിപ്പിക്കുക.

13.2 ദേശീയനയങ്ങൾ, തന്ത്രങ്ങൾ, ആസൂത്രണം എന്നിവയെ കാലാവസ്ഥാമാറ്റ നടപടികളുമായി ബന്ധിപ്പിക്കുക.

13.3 കാലാവസ്ഥാമാറ്റം കുറയ്ക്കാനും അവയോടു പൊരുത്തപ്പെടാനും നേരത്തേ മുന്നറിയിപ്പ് നൽകാനുമുള്ള മാനവികവും സ്ഥാപനപരവുമായ ശേഷിയും ബോധവൽക്കരണവും വിദ്യാഭ്യാസവും വർധിപ്പിക്കുക.

13.എ കാലാവസ്ഥാമാറ്റം സാർഥകമായി ലഘൂകരിക്കാൻ വികസ്വരരാജ്യങ്ങൾക്കുവേണ്ടിവരുന്ന ചെലവിലേക്കായി 2020 മുതൽ പ്രതിവർഷം 10,000 കോടി ഡോളർ വീതം സമാഹരിക്കാമെന്ന് യുണൈറ്റഡ് നേഷൻസ് ഫ്രെയിം വർക്ക് കൺവൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ചിൽ വികസിതരാജ്യങ്ങൾ നല്കിയ വാഗ്ദാനം നടപ്പാക്കുക. ഈ നിധിയുടെ വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുക. ഹരിതകാലാവസ്ഥാനിധി ഏറ്റവും വേഗം സമാഹരിക്കുക.

13.ബി വനിതകൾ, യുവാക്കൾ, തദ്ദേശീയർ, പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവയിൽ ഊന്നൽ നൽകി തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ വികസ്വരദ്വീപരാജ്യങ്ങളിലും കാലാവസ്ഥാ വ്യതിയാന ആസൂത്രണത്തിനും മാനേജ്മെന്റിനും ഉള്ള ശേഷി വർധിപ്പിക്കാനുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക.

(*കാലാവസ്ഥാമാറ്റം സംബന്ധിച്ച ആഗോള പ്രതികരണത്തിനുള്ള രാജ്യാന്ത രവും ഭരണകൂടങ്ങൾ തമ്മിലുമുള്ള ചർച്ചകളുടെ പ്രധാന വേദി യുണൈ റ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച് ആണെന്ന് അംഗീകരിച്ചുകൊണ്ട്.)

## ലക്ഷ്യം 14

## സുസ്ഥിര വികസനത്തിനുവേണ്ടി മഹാസമുദ്രങ്ങളും കടലുകളും സമുദ്രവിഭവങ്ങളും പരിപാലിക്കുകയും സുസ്ഥിരമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യുക.

14.1 പാഴ്‌വസ്തുക്കൾ നിക്ഷേപിക്കലും പോഷകമലിനീകരണവും വഴിയുള്ളതു ൾപ്പെടെ കരയിൽനിന്നുള്ള പ്രവർത്തനങ്ങൾ അടക്കം കടലിനെ മലിനമാ ക്കുന്ന എല്ലാ പ്രവൃത്തികളും 2025-യും ഗണ്യമായി കുറയ്ക്കുകയും ചെയ്യുക.

14.2 ആരോഗ്യകരവും ഉത്പാദനക്ഷമവുമായ സമുദ്രങ്ങൾക്കുവേണ്ടി സമുദ്രതീര ങ്ങൾ പരിസ്ഥിതി സുസ്ഥിരമായി മാനേജ് ചെയ്ത് അവയ്ക്കു ശേഷി വർധിപ്പിക്കുകയും പ്രാതികൂല്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

14.3 എല്ലാ രംഗത്തും കൂടുതൽ ശാസ്ത്രീയ സഹകരണം വഴി സമുദ്രജലത്തിന്റെ അമ്ലീകരണം കുറയ്ക്കുകയും അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കു കയും ചെയ്യുക.

14.4 2020-ഓടെ മത്സ്യബന്ധനം ഫലപ്രദമായി നിയന്ത്രിച്ച് അമിത മത്സ്യബന്ധ നവും നിയമവിരുദ്ധമായും ഒളിച്ചും അനിയന്ത്രിതമായ നടത്തുന്ന മത്സ്യബ ന്ധനവും വിനാശകരമായ മത്സ്യബന്ധന രീതികളും അവസാനിപ്പിക്കണം. ശാസ്ത്രാധിഷ്ഠിത മത്സ്യബന്ധന മാനേജ്മെന്റ് പദ്ധതികൾ നടപ്പാക്കി മത്സ്യശേഖരം ഏറ്റവും കുറഞ്ഞ സമയപരിധിക്കുള്ളിൽ പുനഃസ്ഥാപി ക്കണം. ജൈവപ്രകൃതിക്കനുസരിച്ച് അവയ്ക്കു സാധ്യമായ പരമാവധി സുസ്ഥിര ഉത്പാദനം ഉറപ്പുവരുത്തുക.

14.5 ലഭ്യമായ ശാസ്ത്രീയ വിജ്ഞാനത്തിന്റെയും ദേശീയ, സാർവദേശീയ നിയമ ങ്ങളുടെയും അടിസ്ഥാനത്തിൽ തീര-സമുദ്ര മേഖലകളിൽ പത്തു ശതമാ നമെങ്കിലും സംരക്ഷിക്കുക.

14.6 ലോകവ്യാപാര സംഘടനയുടെ മത്സ്യബന്ധന സബ്സിഡി ചർച്ചകളിൽ വികസ്വര-അല്പവികസിത രാജ്യങ്ങൾക്ക് ഉചിതവും ഫലപ്രദവുമായ, പ്രത്യേകവും വ്യത്യസ്തവുമായ പരിഗണന വേണമെന്ന് അംഗീകരിച്ചു കൊണ്ട് നിയമവിരുദ്ധവും ഒളിച്ചുള്ളതും അനിയന്ത്രിതവുമായ മത്സ്യബ ന്ധനത്തിനു വഴിതെളിക്കുന്ന സബ്സിഡികൾ 2020-ഓടെ നിർത്തലാക്കു

കയും അമിതശേഷിക്കും അമിത മത്സ്യബന്ധനത്തിനും വഴിയൊരുക്കുന്ന തരം മത്സ്യബന്ധന സബ്സിഡികൾ നിരോധിക്കുകയും വേണം. (ലോക വ്യാപാര സംഘടനയിലെ ചർച്ചകളും ദോഹ വികസന അജൻഡയും ഹോങ്കോംഗ് മന്ത്രിതല ധാരണയും കണക്കിലെടുത്ത്.)

14.7 മത്സ്യബന്ധനം, മത്സ്യകൃഷി, ടൂറിസം എന്നിവയെ സുസ്ഥിരമായി മാനേജ് ചെയ്യുന്നതടക്കം സമുദ്രവിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിലൂടെയുള്ള സാമ്പത്തികനേട്ടങ്ങൾ 2030-ഓടെ ചെറിയ വികസ്വര ദ്വീപരാജ്യങ്ങൾക്കും തീരെ വികസിക്കാത്ത രാജ്യങ്ങൾക്കും ലഭ്യമാക്കുക.

14.എ ചെറിയ വികസ്വര ദ്വീപരാജ്യങ്ങളും തീരെ വികസിക്കാത്ത രാജ്യങ്ങളും അടക്കം വികസ്വരരാജ്യങ്ങളുടെ വികസനത്തിന് സമുദ്ര ജൈവവൈവിധ്യം വർധിപ്പിക്കാനും സമുദ്രാരോഗ്യം മെച്ചപ്പെടുത്താനും ഇന്റർഗവൺമെന്റൽ ഓഷനോഗ്രാഫിക് കമ്മീഷൻ ക്രൈറ്റീരിയ ആൻഡ് ഗൈഡ്‌ലൈൻസ് ഓൺ ദ ട്രാൻസ്ഫർ ഓഫ് മറൈൻ ടെക്നോളജി പരിഗണിച്ചുകൊണ്ട് ശാസ്ത്രീയജ്ഞാനവും ഗവേഷണശേഷിയും മറൈൻ സാങ്കേതികവിദ്യ കൈമാറ്റവും വർധിപ്പിക്കുക.

14 ബി. ചെറുകിട കരകൗശല മത്സ്യബന്ധകർക്കും സമുദ്രവിഭാഗങ്ങളിലും കമ്പോളത്തിലും അവസരം നൽകുക.

14 സി. നമ്മൾ ആവശ്യപ്പെടുന്ന ഭാവി എന്ന 158-ാം ഖണ്ഡികയിൽ അനുസ്മരിച്ചതുപോലെ സമുദ്രങ്ങളെയും അവയുടെ വിഭവങ്ങളെയും സംരക്ഷിക്കാനും പരിപാലിക്കാനുമുള്ള നൈയാമിക രൂപരേഖ നല്കുന്ന യുണൈറ്റഡ് നേഷൻസ് കൺവൻഷൻ ഓൺ ദ ലോ ഓഫ് ദ സീയിൽ പ്രതിഫലിച്ചിട്ടുള്ള അന്താരാഷ്ട്ര നിയമം നടപ്പാക്കിക്കൊണ്ട് സമുദ്രങ്ങളെയും അവയുടെ വിഭവങ്ങളെയും സംരക്ഷിക്കുകയും സുസ്ഥിരമായി വിനിയോഗിക്കുകയും ചെയ്യുന്നത് വളർത്തുക.

## ലക്ഷ്യം 15

## ഭൗമിക ആവാസവ്യവസ്ഥയുടെ സുസ്ഥിരമായ ഉപയോഗത്തെ സംരക്ഷിക്കുകയും വീണ്ടെടുക്കുകയും പരിപാലിക്കുകയും ചെയ്യുക. വനങ്ങളെ സുസ്ഥിരമായി പരപാലിക്കുക. മരുഭൂവൽക്കരണത്തെ ചെറുക്കുക. ഭൂമിയെ ഗുണപരമായി തകർക്കുന്നത് അവസാനിപ്പിക്കുകയും ഗുണനിലവാരം വീണ്ടെടുക്കുകയും ചെയ്യുക. ജൈവവൈവിധ്യ നഷ്ടം ഒഴിവാക്കുക.

15.1 അന്താരാഷ്ട്ര ഉടമ്പടികളിലെ ബാധ്യതകൾക്കനുസൃതമായി വനങ്ങൾ, തണ്ണീർത്തടങ്ങൾ, മലകൾ, കരഭൂമികൾ എന്നിവയടക്കം ഉൾനാടൻ ശുദ്ധജ

ലാശയങ്ങളിലെ ഭൂമിയിലെയും ആവാസവ്യവസ്ഥയുടെ സംരക്ഷണവും വീണ്ടെടുക്കലും സുസ്ഥിര വിനിയോഗവും 2020-ഓടെ ഉറപ്പുവരുത്തുക.

15.2 2020-ഓടെ എല്ലായിനം വനങ്ങളുടെയും സുസ്ഥിര-മാനേജ്മെന്റ് നടപ്പാക്കുക, വനനശീകരണം അവസാനിപ്പിക്കുക, ദുർബല വനങ്ങളെ വീണ്ടെടുക്കുക, പുതിയ വനം പിടിപ്പിക്കലും വീണ്ടും വനമാക്കലും പ്രോത്സാഹിപ്പിക്കുക.

15.3 2030-ഓടെ മരുഭൂവൽക്കരണത്തെ ചെറുക്കുക; മരുഭൂവൽക്കരണവും പ്രളയവും വരൾച്ചയും നേരിട്ടതടക്കമുള്ള മണ്ണും ഭൂമിയു പുനരുദ്ധരിക്കുക, ഭൂമിയുടെ നിലവാരത്തകർച്ചയില്ലാത്ത ലോകത്തിനായി പരിശ്രമിക്കുക.

15.4 സുസ്ഥിരവികസനത്തിന് അനിവാര്യമായ ഗുണങ്ങൾ നൽകാനാവുന്ന ശേഷി വർധിപ്പിക്കത്തക്ക രീതിയിൽ ജൈവവൈവിധ്യമടക്കം മലനിരകളുടെ ആവാസവ്യവസ്ഥ 2030-ഓടെ സംരക്ഷിക്കുക.

15.5 പ്രകൃതിയിലെ സ്വാഭാവിക വാസസ്ഥാനങ്ങളുടെ നശീകരണം കുറയ്ക്കാൻ അടിയന്തരവും ഗണ്യവുമായ നടപടികൾ എടുക്കുക, ജൈവവൈവിധ്യ നഷ്ടം ഇല്ലാതാക്കുക, 2020-ഓടെ വെല്ലുവിളി നേരിടുന്ന ജീവിവർഗങ്ങളുടെ വംശനാശം ഒഴിവാക്കി സംരക്ഷണം ഉറപ്പാക്കുക.

15.6 ജനിതകവിഭവങ്ങൾ ഉഫയോഗിക്കുന്നതിൽനിന്നുണ്ടാകുന്ന നേട്ടങ്ങൾ നീതിപൂർവവും സമത്വാധിഷ്ഠിതവുമായി പങ്കുവയ്ക്കുന്നതിനെയും രാജ്യാന്തര തലത്തിൽ സമ്മതിച്ചിട്ടുള്ള രീതിയിൽ അത്തരം വിഭവങ്ങൾ ഉചിതമായി ലഭ്യമാക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുക.

15.7 സംരക്ഷിത ജീവിവർഗങ്ങളെ അനധികൃതമായി വേട്ടയാടുന്നതും കടത്തുന്നതും അവസാനിപ്പിക്കാൻ അടിയന്തര നടപടിയെടുക്കുകയും നിയമവിരുദ്ധ വനോൽപന്നങ്ങളുടെ ആവശ്യവും ലഭ്യതയും തടയുകയും ചെയ്യുക.

15.8 അന്യഗ്രഹജീവിവർഗങ്ങൾ കരയിലെയും കടലിലെയം ആവാസ വ്യവസ്ഥകളിൽ വരുന്നതിനെ തടയാനും അവയുടെ അധിനിവേശത്തിന്റെ ആഘാതം കുറയ്കാകനും 2020-ഓടെ നടപടികൾ എടുക്കണം. മുൻഗണനാ പട്ടികയിലെ ജീവിവർഗങ്ങളെ നിയന്ത്രിക്കുകയോ ഇല്ലായ്മ വരുത്തുകയോ ചെയ്യണം.

15.9 ദേശീയവും പ്രാദേശികവുമായ ആസൂത്രണം, വികസനപ്രക്രിയ, ദാരിദ്ര്യ നിർമാർജന തന്ത്രങ്ങൾ, കണക്കെഴുത്ത് എന്നിവയിൽ ആവാസവ്യവസ്ഥയുടെയും ജൈവവൈവിധ്യത്തിന്റെയും മൂല്യങ്ങൾ ഉൾപ്പെടുത്തുക.

15 എ. ജൈവവൈവിധ്യവും ആവാസവ്യവസ്ഥകളും സുസ്ഥിരമായി ഉപയോഗിക്കാനും സംരക്ഷിക്കാനും എല്ലാ സ്രോതസുകളിൽനിന്നും ധനകാര്യ വിഭവങ്ങൾ സമാഹരിക്കുകയും ഗണ്യമായി വർധിപ്പിക്കുകയും ചെയ്യുക.

# ലക്ഷ്യം 16

## സമാധാനത്തിൽ കഴിയുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങളെ പ്രോത്സാഹിപ്പിച്ച് സുസ്ഥിരവികസനം ഉറപ്പാക്കുക. എല്ലാവർക്കും നീതി ലഭ്യമാക്കുക. എല്ലാ തലങ്ങളിലും ഫലപ്രദവും ഉത്തരവാദപൂർണവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സ്ഥാപനങ്ങൾക്കു രൂപംനൽകുക.

16.1 എല്ലായിടത്തും എല്ലാത്തരം അക്രമവും അതുമായി ബന്ധപ്പെട്ട മരണങ്ങളും ഗണ്യമായി കുറയ്ക്കുക.

16.2 കുട്ടികളുടെ പീഡനം, ചൂഷണം, കുട്ടിക്കടത്ത് എന്നിവയും കുട്ടികൾക്കെതിരായ എല്ലാത്തരം അക്രമങ്ങളും ദ്രോഹങ്ങളും അവസാനിപ്പിക്കുക.

16.3 ദേശീയവും അന്തർദേശീയവുമായി നിയമവാഴ്ച ഉറപ്പാക്കുകയും എല്ലാവർക്കും തുല്യനീതി ലഭ്യമാക്കുകയും ചെയ്യുക.

16.4 2030-ഓടെ നിയമവിരുദ്ധമായ പണത്തിന്റെയും ആയുധങ്ങളുടെയും കടത്ത് ഗണ്യമായി കുറയ്ക്കുകയും മോഷ്ടിക്കപ്പെട്ട ആസ്തികളുടെ കണ്ടെടുക്കലും തിരികെയെത്തിക്കലും ത്വരിതപ്പെടുത്തുകയും എല്ലായിനം സംഘടിത കുറ്റകൃത്യങ്ങളെയും ചെറുക്കുകയും ചെയ്യുക.

16.5 എല്ലാ രൂപത്തിലുമുള്ള അഴിമതിയും കൈക്കൂലിയും ഗണ്യമായി കുറയ്ക്കുക.

16.6 എല്ലാ തലങ്ങളിലും ഫലപ്രദവും ഉത്തരവാദപൂർണവും സുതാര്യവുമായ സ്ഥാപനങ്ങൾ ഉണ്ടാക്കുക.

16.7 എല്ലാ തലങ്ങളിലും എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രാതിനിധ്യമുള്ളതും പങ്കാളിത്തമുള്ളതും പ്രതികരണക്ഷമവുമായ തീരുമാനമെടുക്കൽ ഉറപ്പുവരുത്തുക.

16.8 ആഗോളഭരണസംവിധാനത്തിൽ വികസ്വരരാജ്യങ്ങളുടെ പങ്കാളിത്തം വിശാലവും ശക്തവുമാക്കുക.

16.9 2030-ഓടെ ജനന രജിസ്ട്രേഷൻ അടക്കം എല്ലാവർക്കും നൈയാമികസ്വത്വം നൽകുക.

16.10 ദേശീയ നിയമങ്ങൾക്കും രാജ്യാന്തര ഉടമ്പടികൾക്കും അനുസൃതമായി പൊതുജനങ്ങൾക്ക് വിവരാവകാശവും മൗലികാവകാശ സംരക്ഷണവും ഉറപ്പുവരുത്തുക.

16.എ. അക്രമം തടയാനും ഭീകരതയെയും കുറ്റകൃത്യങ്ങളെയും ചെറുക്കാനും വികസ്വര രാജ്യങ്ങളിലടക്കം, അന്താരാഷ്ട്ര സഹകരണത്തോടെ ബന്ധപ്പെട്ട ദേശീയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും ശേഷി വർധിപ്പിക്കുകയും ചെയ്യുക.

16 ബി. സുസ്ഥിരവികസനത്തിന് വിവേചനരഹിതമായ നിയമങ്ങളും നയങ്ങളും പ്രോത്സാഹിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക.

# ലക്ഷ്യം 17

## സുസ്ഥിര വികസനത്തിനായുള്ള ആഗോളസഖ്യത്തെ പുനരുജ്ജീവിപ്പിക്കുകയും അതിന്റെ നടത്തിപ്പ് ശക്തിപ്പെടുത്തുകയും ചെയ്യുക.

**ധനകാര്യം**

17.1 നികുതിയും മറ്റു വരുമാനവും വർധിപ്പിക്കാനുള്ള ആഭ്യന്തരശേഷി കൂട്ടാൻ, വികസ്വര രാജ്യങ്ങൾക്ക് അന്താരാഷ്ട്ര സഹകരണമടക്കമുള്ള മാർഗങ്ങളിലൂടെ, ആഭ്യന്തര വിഭവസമാഹരണം ശക്തിപ്പെടുത്തുക.

17.2 ഔദ്യോഗിക വികസനസഹായത്തിന് മൊത്ത ദേശീയവരുമാനത്തിന്റെ (ഒഡിഎ/ജിൻഐ) 0.7 ശതമാനം വികസ്വരരാജ്യങ്ങൾക്കും 0.15–0.2 ശതമാനം ഒഡിഎ/ജിഎൻഐ തീരെ വികസിക്കാത്ത രാജ്യങ്ങൾക്കും നൽകാമെന്ന മിക്ക വികസിതരാജ്യങ്ങളുടെയും സഹായവാഗ്ദാനം വികസിതരാജ്യങ്ങൾ നടപ്പാക്കുക. തീരെ വികസിക്കാത്ത രാജ്യങ്ങൾക്ക് ഒഡിഎ/ജിഎൻഐ 0.2 ശതമാനം നൽകാൻ വികസിതരാജ്യങ്ങളെ പ്രേരിപ്പിക്കുക.

17.3 വികസ്വരരാജ്യങ്ങൾക്കു ബാഹ്യസ്രോതസുകളിൽനന്ന് അധിക ധനകാര്യവിഭവങ്ങൾ സമാഹരിക്കുക.

17.4 വായ്പാസഹായവും കടാശ്വാസവും കടം പുനർക്രമീകരിക്കലുമടക്കം ഉചിതമായ ഏകോപിത നടപടികളിലൂടെ വികസ്വരരാജ്യങ്ങൾക്കു ദീർഘകാല വായ്പാസുസ്ഥിരത ഉറപ്പുവരുത്താൻ സഹായിക്കുകയും വളരെ ഋണബാധിതമായ ദരിദ്രരാജ്യങ്ങളുടെ വായ്പാദുരിതമവസാനിപ്പിക്കാൻ അവരുടെ വിദേശ കടപ്രശ്നം പരിഹരിക്കുകയും ചെയ്യുക.

17.5 തീരെ വികസിക്കാത്ത രാജ്യങ്ങൾക്ക് നിക്ഷേപ പ്രോത്സാഹന സംവിധാനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുക.

**സാങ്കേതികവിദ്യ**

17.6 ഒരു ആഗോള സാങ്കേതികവിദ്യ ലഭ്യമാക്കൽ സംവിധാനവും ഐക്യരാഷ്ട്ര സംഘടനയക്കം നിലവിലുള്ള സംവിധാനങ്ങളുടെ വർധിച്ച ഏകോപനവും വഴി വടക്കും തെക്കും തമ്മിലും തെക്കും തെക്കും തമ്മിലും ത്രികോണത്തിലും മേഖലാതലത്തിലും അന്താരാഷ്ട്ര തലത്തിലും പരസ്പരധാരണയോടെ ശാസ്ത്രം, സാങ്കേതികവിദ്യ, നവീന ആവിഷ്കാരങ്ങൾ എന്നിവയുടെയും അറിവിന്റെയും പങ്കുവയ്ക്കൽ വർധിപ്പിക്കുക.

17.7 പരസ്പരധാരണയോടെ സൗജന്യനിരക്കിലോ മുൻഗണനാനിരക്കിലോ അടക്കമുള്ള ഉദാരവ്യവസ്ഥകളിൽ വികസ്വരരാജ്യങ്ങൾക്ക് പാരിസ്ഥിതികമായി യോജിച്ച സാങ്കേതികവിദ്യകളുടെ വികസനവും കൈമാറ്റവും പ്രചാരണവും വ്യാപനവും പ്രോത്സാഹിപ്പിക്കുക.

17.8 2017-ഓടെ തീരെ വികസിക്കാത്ത രാജ്യങ്ങൾക്കായുള്ള സാങ്കേതികവിദ്യാ ബാങ്ക് ശാസ്ത്ര-സാങ്കേതികവിദ്യ-ആവിഷ്കാര ശേഷി വികസന സംവിധാനവും പ്രവർത്തനക്ഷമമാക്കുകയും ഇൻഫോർമേഷൻ ആൻഡ് കമ്യൂണിക്കേഷൻസ് ടെക്നോളജി അടക്കം സഹായക സാങ്കേതികവിദ്യകളുടെ ഉപയോഗം വർധിപ്പിക്കുകയും ചെയ്യുക.

**ശേഷി വികസനം**

17.9 വടക്ക്-തെക്ക്, തെക്ക്-വടക്ക്, ത്രികോണ സഹകരണസംഘങ്ങൾ അടക്കമുള്ള സുസ്ഥിരവികസനലക്ഷ്യങ്ങൾ നടപ്പാക്കാനുള്ള വികസ്വരരാജ്യങ്ങളുടെ ദേശീയ പദ്ധതികൾക്കു വേണ്ട ലക്ഷ്യാധിഷ്ഠിത ശേഷി നിർമാണത്തിനും ഫലപ്രദമായ നടത്തിപ്പിനും അന്താരാഷ്ട്ര സഹായം വർധിപ്പിക്കുക.

**വാണിജ്യം**

17.10 ദോഹ വികസന അജൻഡയുടെ അടിസ്ഥാനത്തിലുള്ള ചർച്ചകൾ പൂർത്തീകരിക്കുന്നതടക്കം ലോകവ്യാപാര സംഘടനയുടെ കീഴിൽ സാർവത്രികവും നിയമാധിഷ്ഠിതവും തുറന്നതും വിവേചനരഹിതവും സമത്വാധിഷ്ഠിതവുമായ ബഹുരാഷ്ട്ര വാണിജ്യവ്യവസ്ഥ ഉണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

17.11 202-ഓടെ തീരെ വികസിക്കാത്ത രാജ്യങ്ങളുടെ ആഗോള കയറ്റുമതിയിലെ പങ്ക് ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ, വികസ്വരരാജ്യങ്ങളുടെ കയറ്റുമതി ഗണ്യമായി വർധിപ്പിക്കുക.

17.12 തീരെ വികസിക്കാത്ത രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിയിൽ ബാധകമായ മുൻഗണനാധിഷ്ഠിത സ്രോതസ് നിയമം സുതാര്യവും ലളിതവും കമ്പോളപ്രവേശത്തിന് സഹായകവും ആണെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, തീരെ വികസിക്കാത്ത എല്ലാ രാജ്യങ്ങൾക്കും ലോകവ്യാപാര സംഘടനയുടെ തീരുമാനങ്ങൾക്കു നിരക്കുന്ന വിധം ഡ്യൂട്ടിയും ക്വോട്ടയും ഇല്ലാത്ത കമ്പോളപ്രവേശം സമയബന്ധിതമായി നടപ്പാക്കുക.

**ഘടനാപരമായ വിഷയങ്ങൾ**

നയവും സ്ഥാപനങ്ങളും തമ്മിൽ പൊരുത്തപ്പെടൽ

17.13 നയപരമായ പൊരുത്തപ്പെടലും ഏകോപനവും വഴി ആഗോള സാമ്പത്തിക ഭദ്രത ബലപ്പെടുത്തുക.

17.14 സുസ്ഥിരവികസനത്തിന് നയപരമായ പൊരുത്തം വർധിപ്പിക്കുക.

17.15 ദാരിദ്ര്യനിർമാർജനത്തിനും സുസ്ഥിരവികസനത്തിനും വേണ്ട നയങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ഓരോ രാജ്യത്തിനും നയപരമായ ഇടവും നേതൃത്വവും ഉണ്ടെന്നതിനെ മാനിക്കുക.

**ബഹുപങ്കാളിത്ത സഖ്യങ്ങൾ**

17.16 വികസ്വരരാജ്യങ്ങളിലടക്കം എല്ലാ രാജ്യങ്ങളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനെ സഹായിക്കാൻ അറിവും പ്രാവീണ്യവും സാങ്കേതികവിദ്യയും ധനവിഭവങ്ങളും സമാഹരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ബഹുപങ്കാളിത്ത സഖ്യങ്ങൾ രൂപീകരിച്ച് സുസ്ഥിര വികസനത്തിനുള്ള ആഗോളസഖ്യത്തെ ശക്തിപ്പെടുത്തുക.

17.17 സഖ്യങ്ങളുടെ അനുഭവസമ്പത്തും വിഭവസമാഹരണ തന്ത്രങ്ങളും ഉപയോഗപ്പെടുത്താവുന്ന വിധം ഫലപ്രദമായ പൊതു, പൊതു-സ്വകാര്യ, സിവിൽ സമൂഹ സഖ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.

**വിവരങ്ങൾ, നിരീക്ഷണവും ഉത്തരവാദിത്വവും**

17.18 വരുമാനം, ലിംഗഭേദം, പ്രായം, വർഗം, വംശം, കുടിയേറ്റനില, ന്യൂനത, ഭൂമിശാസ്ത്രപരമായ സ്ഥാനം തുടങ്ങിയവയും ദേശീയ സാഹചര്യത്തിൽ പ്രസക്തമായ മറ്റു കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നത നിലവാരത്തിലും യഥാസമയവും വിശ്വാസ്യവുമായ വിവരങ്ങളുടെ ലഭ്യത തീരെ വികസിക്കാത്ത രാജ്യങ്ങളിലും ചെറിയ ദ്വീപ-വികസ്വര രാജ്യങ്ങളിലുമടക്കം വികസ്വരരാജ്യങ്ങളിലെല്ലാം ഗണ്യമായി വർധിപ്പിക്കാൻ വേണ്ട ശേഷി വികസനത്തിനു 2020-ഓടെ വർധിതസഹായം നൽകുക.

17.19 വികസ്വരരാജ്യങ്ങളിലെ മൊത്ത ആഭ്യന്തര ഉൽപാദനത്തെ സഹായിക്കുന്ന സുസ്ഥിര വികസനത്തിന്റെ പുരോഗതി അളക്കാനും സ്റ്റാറ്റിസ്റ്റിക്കൽ ശേഷി വളർത്താനും ഉള്ള നിലവിലുള്ള പരിശ്രമങ്ങൾ 2030-ഓടെ പൂർണമാക്കുക.